## പാഠം 7 മേയ് 6–12

# ദാസ നേതൃത്വം

**ശബ്ബത്ത് സായാഹ്നം മേയ് 6**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**1 പത്രൊസ് 5:1–10, അ.പ്ര. 6:1–6, യിരെമ്യാവ് 10:21, മത്തായി 20:24–28, സദൃ.വാ 3:34, വെളിപ്പാട് 12:7–9.**

**മനഃപാഠവാക്യം: "നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ" (1 പത്രൊസ് 5:7).**

വളരുന്ന സഭക്കളക്കുറിച്ചുള്ള പഠനങ്ങൾ മിക്കവാറും എപ്പോഴും ഉയർത്തിക്കാണിക്കുന്നത് ഫലപ്രദമായ നേതൃത്വത്തിന്റെ പ്രാധാന്യമാണ്. ഈ നേതൃത്വം അവരുടെ ദർശനം ദൈവത്തിൽ നിന്നും അവന്റെ വചനത്തിൽ നിന്നുമെടുത്ത് കൂട്ടായ്മയിലെ ഏവർക്കും അവരുടെ സ്വന്തം ആത്മീയ ദാനങ്ങളെ പ്രാവർത്തികമാക്കി സുവിശേഷ ദൗത്യത്തെ പിന്തുടരാനുള്ള അവസരമൊരുക്കുന്നു.

എന്നാൽ സഭാനേതൃത്വം വലിയ വെല്ലുവിളികൾ നിറഞ്ഞതാണ്. അവർ നേരത്തെതന്നെ തിരക്കിലാണെങ്കിലും മിക്കപ്പോഴും അവരുടെ സമയം നൽകുന്ന സ്വമേധ പ്രവർത്തകരാണ് കൂടുതലായും സഭകൾ നടത്തുന്നത്. അവർക്ക് പിന്താങ്ങാൻ കഴിയാത്ത എന്തെങ്കിലും സംഭവിച്ചാൽ അംഗങ്ങൾക്ക് സഭാചടങ്ങുകളിൽ പങ്കെടുക്കാതെ "കാലുകൊണ്ട് വോട്ട് ചെയ്യാം." ഇതിലുപരിയായി, ഒരു ഫലപ്രദമായ ക്രിസ്തീയ നേതാവ് തികഞ്ഞ ആത്മീയനുമായിരിക്കണം. പീഡനം അനുഭവിക്കുന്ന സഭകൾക്കാണ് പത്രൊസ് എഴുതുന്നത് എന്ന കാര്യവും നാം മറക്കരുത്. അപ്രകാരമുള്ള സന്ദർഭങ്ങളിൽ സഭാനേതാവ് പ്രത്യേകിച്ചും എളുപ്പത്തിൽ ആക്രമിക്കപ്പെടാവുന്നതാണ്. അങ്ങനെയെങ്കിൽ ആരാണ് ഈ ദൗത്യത്തിന് സജ്ജമായിരിക്കുന്നത്? 1 പത്രൊസ് 5:1–10 ൽ പത്രൊസ് പ്രാദേശിക സഭാതലത്തിലുള്ള ക്രിസ്തീയ നേതൃത്വം എന്ന വിഷയത്തെ സംബോധന ചെയ്യുന്നു. ഈ വാക്യങ്ങളിൽ, പ്രാദേശിക നേതാക്കളിൽ മാത്രമല്ല അംഗങ്ങളിലും ആവശ്യമായ പ്രധാന സ്വഭാവഗുണങ്ങളെക്കുറിച്ച് പറയുന്നു. അന്നത്തെ പോലെ തന്നെ ഇന്ന് നമുക്കും ആ വാക്കുകൾ പ്രസക്തമാണ്.

**ഞായർ മേയ് 7**

### ആദിമ സഭയിലെ മൂപ്പന്മാർ

**തുടർന്നുള്ള വാക്യങ്ങൾ നോക്കുക: അ.പ്ര. 6:1–6, 14:23, 15:6, 1 തിമൊഥെയൊസ് 5:17, 1 പത്രൊസ് 5:2.**

**ആദ്യകാല സഭകൾ നേരിട്ടിരുന്ന വെല്ലുവിളികളെയും നേതാക്കന്മാരുടെ പങ്കിനെയും സംബന്ധിച്ച എന്ത് ഉൾക്കാഴ്ചകളാണ് ഈ വാക്യങ്ങൾ നമുക്ക് നൽകുന്നത്?**

ഒരു വലിയ കൂട്ടം ജനങ്ങൾ വിശ്വാസികളാകുന്നതും സഭയോടു ചേരുന്നതും ദൈവത്തിൽ നിന്നുള്ള ഒരു വലിയ അനുഗ്രഹമാണ്. എന്നിരുന്നാലും, ആദിമ ക്രിസ്ത്യാനികളുടെ അനുഭവങ്ങൾ വ്യക്തമാക്കുന്നതുപോലെ ധൃതഗതിയിലുള്ള വളർച്ചയ്ക്ക് പ്രശ്നങ്ങളും കൊണ്ടുവരുവാൻ കഴിയും.

ഉദാഹരണത്തിന്, അ.പ്ര. 1–5 വരെ പരിശുദ്ധാത്മാവിന്റെ നടത്തിപ്പും അനേകരുടെ ക്രിസ്ത്യാനിത്വത്തിലേക്കുള്ള മാറ്റവും രേഖപ്പെടുത്തുന്നു. അ.പ്ര. 6:1–6 വരെ അതിന്റെ ഫലങ്ങൾ കാണിക്കുന്നു: ആ കൂട്ടം അതിന്റെ നേതാക്കൾക്ക് വളരെ വലിയതായിത്തീർന്നു; അങ്ങനെ ദൈനംദിന കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ പുതിയ ക്രമീകരണങ്ങൾ ഉണ്ടാക്കേണ്ടിവന്നു.

സംഘടനാപരമായ ക്രമീകരണത്തിൽ തലവന് ഈ ബലഹീനതയുണ്ടാക്കിയ പ്രശ്നം വേർതിരിവിന്റെ ഒരു പ്രശ്നമായിരുന്നു. ദൈനംദിനമുള്ള ആഹാര വിതരണ ത്തിൽ യവനഭാഷക്കാരായ വിധവമാരെ അവഗണിക്കുന്നതായി പരാതിപ്പെട്ടു. അതിന്റെ ഒരു പ്രതികരണമായി, ഒരുകൂട്ടം ആളുകൾ, മൂപ്പന്മാർ, സഭയുടെ ശ്രോത സ്സുകൾ കൈകാര്യം ചെയ്യുന്നതിൽ പന്ത്രണ്ട് അപ്പൊസ്തലന്മാരെ സഹായിക്കുന്ന തിനായി നിയോഗിക്കപ്പെട്ടു.

പഴയകാല സഭ പരിശുദ്ധാത്മാവിനാൽ ഒരു പ്രത്യേക രീതിയിൽ നടത്തപ്പെട്ടു എന്നത് സത്യമാണ്. എന്നാൽ അപ്പോഴും സഭാഘടനകൾ ഉണ്ടാക്കേണ്ടിവന്നു.

വളരെ നേരത്തെ ആവശ്യമായിരുന്ന ഒരു സുപ്രധാന കൂട്ടം മൂപ്പന്മാരായിരുന്നു; അവർ ഓരോ പ്രാദേശിക കൂട്ടായ്മയ്ക്കുമായി സ്ഥാപിക്കപ്പെട്ടു. വാസ്തവത്തിൽ, പുതിയതായി രൂപംകൊണ്ട ഈ കൂട്ടായ്മകളെ നയിക്കുന്നതിനായി ക്രിസ്തീയ കൂട്ടങ്ങളെ ഉണ്ടാക്കിയത്. പൗലൊസും ബർണബാസും യേശുവിനെക്കുറിച്ച് കേൾ ക്കാനുള്ള ഓരോ സ്ഥലങ്ങളിൽ ചെന്നപ്പോഴും ചെയ്തു (അ.പ്ര. 14:23).

ആദിമ ക്രിസ്ത്യാനിത്വത്തിൽ മൂപ്പന്മാർക്ക് വ്യത്യസ്ത വേലകൾ നൽകപ്പെട്ടു. അവരുടെ പ്രാദേശിക സമൂഹത്തിന്റെ നേതാക്കന്മാർ എന്ന നിലയിൽ, സമയാസ മയങ്ങളിൽ അവർ ഉപദേശകന്മാരായി പുതിയതായി മാനസാന്തരപ്പെട്ടവരെ ഉപദേ ശിച്ചു പോന്നു. അവർ പ്രസംഗിക്കുകയും, സമൂഹനന്മയ്ക്കുവേണ്ടിയുള്ള കാര്യങ്ങൾ നിർവഹിക്കപ്പെട്ടു എന്ന് ഉറപ്പാക്കുകയും ചെയ്തു (അ.പ്ര. 15:6, 1 തിമൊഥെയൊസ് 5:17, 1 പത്രൊസ് 5:2).

**നിങ്ങൾ എപ്പോഴും കാര്യങ്ങൾക്കുമേൽ യോജിക്കാത്തപ്പോഴും, നിങ്ങളുടെ പ്രാദേശികസഭയിൽ നേതാക്കളുമായി ചേർന്ന് കൂടുതൽ മെച്ചപ്പെട്ടരീതിയിൽ പ്രവർത്തിക്കാൻ പഠിക്കുന്നതിനുള്ള വഴികൾ എന്തൊക്കെയാണ്?**

**തിങ്കൾ** **മേയ് 8**

### മൂപ്പന്മാർ

**1 പത്രൊസ് 5:1–4 വായിക്കുക. അവരുടെ സഭയിലെ ചട്ടങ്ങൾക്ക് എന്ത് മനോ ഭാവമാണ് നേതാക്കൾ കൊണ്ടുവരേണ്ടത്? നമ്മുടെ പങ്ക് എന്താണെന്ന് കണ ക്കാക്കാതെ ഈ തത്വങ്ങൾ നമുക്കൊക്കെ എങ്ങനെ പ്രയോഗിക്കാം?**

അവൻ തന്നെ ഒരു കൂട്ടു മൂപ്പനാണെന്ന് നിരീക്ഷിച്ചുകൊണ്ടാണ് മൂപ്പന്മാരോടുള്ള അവന്റെ നിർദേശങ്ങൾ പത്രൊസ് ആരംഭിക്കുന്നത്. അവൻ പിന്നീട് അവനെക്കുറിച്ച് രണ്ട് കാര്യങ്ങൾ കുറിക്കുന്നു. ക്രിസ്തുവിന്റെ കഷ്ടപ്പാടിന്റെ ഒരു സാക്ഷിയാണവൻ; കൂടാതെ വെളിപ്പെടുവാനിരിക്കുന്ന മഹത്വത്തിൽ പങ്കാളിയാകാൻ അവൻ പ്രതീക്ഷിക്കുന്നു. ഇത് പറയുന്നതിലൂടെ, ഒരു മൂപ്പനുള്ളിൽ കാണേണ്ടുന്ന ആദ്യ സവിശേഷ ഗുണം അവൻ ഉയർത്തിക്കാണിക്കുന്നു: അവൻ നമുക്ക് എത്രവലിയ പ്രത്യാശ നൽകുന്നുവെന്നും, നമുക്കുവേണ്ടി ക്രിസ്തു സഹിച്ച കഷ്ടപ്പാടിന്റെ പ്രാധാന്യം എന്തെന്നും ഒരു മൂപ്പൻ മനസിലാക്കണം. ദൈവത്തിന്റെ ആടുകളെ മേയ്ക്കുന്ന ഒരു ആട്ടിടയനോടാണ് പത്രൊസ് ഒരു മൂപ്പനെ സാമ്യപ്പെടുത്തുന്നത്. സഭയെ ആടുകളുമായി താരതമ്യപ്പെടുത്തുന്നത് – കാണിക്കുന്നത്, ആടുകളെപോലെ, അംഗങ്ങളും ചിലപ്പോഴൊക്കെ അവരുടെ സ്വന്തം ഇഷ്ടപ്രകാരം പോകുമെന്നാണ്. അങ്ങനെ, തിരികെ അവരെ കൂട്ടത്തിലേക്ക് നയിക്കാനും അതുമായി ഐക്യത്തിൽ പ്രവർത്തിക്കാൻ സഹായിക്കുന്നതിനും അവർക്ക് ഇടയൻ ആവശ്യമാണ്. ഒരു ക്രിസ്ത്യാനി എങ്ങനെ പ്രവർത്തിക്കണമെന്നതിന്റെ താഴ്മയുള്ള മാതൃകയായും ഒരു മൂപ്പൻ പ്രവർത്തിക്കണം.

**ആട്ടിടയർ ആയിരിക്കുന്നവർക്കുള്ള എന്ത് താക്കീതാണ് നാം ഇവിടെ കാണുന്നത്? യിരെമ്യാവ് 10:21, യെഹെസ്കേൽ 34:8–10; സെഖര്യാവ് 11:17.**

ആട്ടിടയർ അവരുടെ ആടുകളുമായി സഹിഷ്ണുതയോടെ പ്രവർത്തിക്കുന്നതുപോലെ സഭയിലുള്ള ആളുകളുമായി പ്രവർത്തിക്കുക എന്നതാണ് ക്രിസ്തീയ നേതൃത്വത്തിന്റെ ഒരു പ്രധാന ജോലി. മൂപ്പന്മാർ അവരെ സൗമ്യതയോടെ ഒത്തുകൂടി ആരാധനയ്ക്ക് കൊണ്ടുവരുന്നതിനും അവനെ അറിയിക്കേണ്ടവരുമായി യേശുവിന്റെ ദൂത് പങ്കുവെക്കുന്നതിനും അവനിലുള്ള രക്ഷ കണ്ടെത്തുന്നതിനും.

മൂപ്പന്മാർ നോക്കിനടപ്പ് സ്വമനസാലെ ചെയ്യണമെന്നും നിർബന്ധത്താലല്ലെന്നും പത്രൊസ് നിരീക്ഷിക്കുന്നു. സഭയെ നയിക്കുന്നതിനുള്ള വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറുള്ളവരെ കണ്ടെത്തുക എപ്പോഴും എളുപ്പമല്ല. ഇത് പ്രത്യേകിച്ച് കമ്മിറ്റികൾക്കായി നാമനിർദേശം നൽകുന്ന സമയത്ത് പ്രകടമാണ്. ഒരു സഭ നന്നായി പ്രവർത്തിക്കണമെങ്കിൽ, വ്യക്തമായ ചില ജോലികൾ നിർവഹിക്കേണ്ടതുണ്ട്. നേതൃസ്ഥാനം ഏറ്റെടുക്കുന്നതിൽ അനേകം മനുഷ്യർ വൈമനസ്യം കാണിക്കുന്നതിൽ കാരണമുണ്ട്. ഇവയിൽ ചില ജോലികൾക്ക് വളരെയധികം സമയം ചിലവിടേണ്ടതുണ്ട്, ആ വിധത്തിലുള്ള ജോലികൾക്ക് അനുയോജ്യരായവർക്ക് മറ്റ് പലവിധ വേലകൾ കാണും. മറ്റുള്ളവർക്കാകട്ടെ അവർ ആ വേലയ്ക്ക് തയ്യാറായിട്ടില്ല എന്ന് തോന്നാം. എന്നാൽ പത്രൊസ് പറയുന്നത് ആവശ്യപ്പെടുകയാണെങ്കിൽ കഴിയാവുന്നിടത്തോളം നാം അത് ഏറ്റെടുക്കാൻ സന്നദ്ധരാകണമെന്നാണ്.

**ചൊവ്വ** **മേയ് 9**

**ദാസനേതൃത്വം**

**1 പത്രൊസ് 5:3; മത്തായി 20:24–28 വായിക്കുക. ഈ വാക്യങ്ങളിൽ ക്രിസ്തീയ നേതൃത്വത്തിന്റെ എന്ത് കാതലായ തത്വങ്ങളാണ് കാണപ്പെടുന്നത്?**

യവനഭാഷയിൽ, 1 പത്രൊസ് 5:3 ലെ മൂലവാക്ക് Katakurie Uontes എന്നാണ്. ഇതേവാക്ക് മത്തായി 20:25 ലും കാണുന്നു. അതിന്റെ അർത്ഥമാകട്ടെ "അധികാരം നടത്തുക" അല്ലെങ്കിൽ "കർതൃത്വം" നടത്തുക എന്നാണ്. അപ്പോൾ 1 പത്രൊസ് 5:3 ൽ മൂപ്പന്മാർക്ക് നൽകുന്ന നിർദേശം ഇങ്ങനെ തർജമ ചെയ്യാം: "നിങ്ങളുടെ ചുമതലയിലുള്ളവരുടെമേൽ കർതൃത്വം നടത്തുന്നത്, ഇത് മത്തായി 20:25 ൽ യേശു പറഞ്ഞ വാക്കുകളെ പ്രതിഫലിപ്പിക്കുന്നു. മത്തായി 20:24–28 ൽ യേശു പറയുന്നതിന് പശ്ചാത്തലം ഒരുക്കുന്നത് മത്തായി 20:20–23 ആകുന്നു. യാക്കോബിന്റെ അമ്മ യേശുവിന്റെ അടുത്ത് അവൻ രാജത്വം പ്രാപിച്ചു വരുമ്പോൾ അവരുടെ മക്കളിൽ ഒരുവൻ ഇടത്തും അടുത്തവൻ വലത്തും ഉണ്ടായിരിക്കണമെന്ന അപേക്ഷയുമായി സമീപിച്ചു.

"യേശു അവരോട് അനുകമ്പയോടെ പെരുമാറി, മറ്റു സഹോദരങ്ങൾക്കു മീതെ അവരുടെ മക്കൾക്ക് മുൻഗണന നൽകണം എന്ന അവരുടെ സ്വാർത്ഥതയെ ശാസിക്കുകയോ ചെയ്തില്ല. അവൻ അവരുടെ ഹൃദയങ്ങൾ വായിച്ചു. അവർക്ക് അവനോടുള്ള അടുപ്പത്തിന്റെ ആഴം അവനറിയാം. അവരുടെ സ്നേഹം വെറുമൊരു മാനുഷിക മമതയല്ല; മനുഷ്യപാത്രത്തിന്റെ ലൗകികതയാൽ മലിനപ്പെട്ടതെങ്കിലും, അത് അവന്റെ തന്നെ വീണ്ടെടുക്കുന്ന സ്നേഹത്തിന്റെ ഉറവയുടെ ഒരു കവിഞ്ഞൊഴുക്കാണ്. അവൻ ശാസിക്കില്ല. പിന്നെയോ ശുദ്ധീകരിക്കുകയും, ആഴത്തിലാക്കുകയും ചെയ്യും. EGW, The desire of Ages, p. 548.

ഈ ആദരവിന്റെ സ്ഥാനം പിതാവിനാൽ നൽകപ്പെടുന്നതാണെന്നും, അവനാലല്ലെന്നും അവൻ വിശദീകരിക്കുന്നു. പിന്നെയും അവൻ വിശദീകരിക്കുന്നത് അവന്റെ രാജ്യത്തിനും ജാതികളുടെ രാജ്യത്തിനും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം അതിൽ നിന്നു പുറത്തു വരുന്ന നേതാവിന്റെ തരത്തിലുള്ള വ്യത്യാസമാണ്. യേശു രാജാവായിരിക്കുന്ന രാജ്യത്തിൽ നേതാക്കളാകാൻ ആഗ്രഹിക്കുന്നവർ ദാസന്മാരാകണം. കാരണം യേശുവിന്റെ രാജ്യത്തിലുള്ള നേതാക്കൾ യേശുവിനെപോലെ ആയിരിക്കും. "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിക്കുവാനല്ല ശുശ്രൂഷിക്കുവാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കുവാനും വന്നതുപോലെതന്നെ എന്നു പറഞ്ഞു" (മത്തായി 20:28).

അപ്രകാരം, സഭാനേതാക്കന്മാരെ പത്രൊസ് അതേ ആദർശത്തിലേക്ക് വിളിക്കുകയാണ്: യേശുവിൽ കാണപ്പെടുന്ന സമർപ്പണവും സ്വയത്യാഗവും അവരിലും കാണപ്പെടണം. ഫിലിപ്പിയർ 2:4–8 വായിക്കുക. പത്രൊസ് എഴുതിയതുമായി എങ്ങനെയാണ് പൗലൊസ് ഇവിടെ പറയുന്നത് യോജിക്കുന്നത്? കൂടുതൽ പ്രധാനമായി, നാം ചെയ്യുവാൻ ഈ വാക്യങ്ങളിൽ ആഹ്വാനം ചെയ്യുന്ന കാര്യങ്ങൾ നമുക്കെങ്ങനെ ചെയ്യാൻ കഴിയും?

**ബുധൻ** **മേയ് 10**

## താഴ്മ ധരിച്ചുകൊണ്ട്

പത്രൊസ് ജീവിച്ചിരുന്ന പുരാതന ലോകത്തെ സമൂഹം പലപല തട്ടുകളായി വിഭജിക്കപ്പെട്ടിരുന്നു. ഭരണം നടത്തിയിരുന്ന പ്രമാണി വർഗത്തിനു ഇന്നു വിളിക്കാവുന്നപോലെ ഒരു "ആജ്ഞാ സാന്നിദ്ധ്യം" ഉണ്ടായിരുന്നു. അവർക്കു ചുറ്റുമായി

മറ്റാളുകൾ താഴേക്കിടയിൽ, ഏറ്റവും താഴെ അടിമകളും, മേൽത്തട്ടിലുള്ളവരോട് കീഴിലുള്ളവർക്കുണ്ടായിരുന്ന ശരിയായ മനോഭാവം താഴ്മയായിരുന്നു. താഴ്മയുടെ യവന പദത്തിന് "ഏറ്റവും താഴ്ന്ന" "അപ്രസക്തം" "ബലഹീനം" "ദരിദ്രൻ" എന്നീ അർത്ഥങ്ങളുണ്ടായിരുന്നു. സമൂഹത്തിൽ അന്തസും പദവിയും ഇല്ലാത്തവരെ അത് വർണിക്കുന്നു. യെഹൂദാ മതത്തിന്റെ, ക്രിസ്തീയ മതത്തിന്റെ പുറത്തുള്ള ലോക ത്തിൽ, താഴ്മ എന്ന വാക്ക് സമൂഹത്തിലെ ഏറ്റവും താഴ്ന്ന ഘടകങ്ങളുമായി ബന്ധപ്പെട്ട അന്തസുകുറഞ്ഞവർക്കുള്ള തായിരുന്നു, അതിനാൽ താഴ്മയോടെ ഇട പെടുക എന്നത് സ്വാതന്ത്ര്യമുള്ള ജനങ്ങൾക്ക് യോഗ്യമായ പെരുമാറ്റമായി ഗണിക്ക പ്പെട്ടിരുന്നില്ല.

**1 പത്രൊസ് 5:5–7 വായിക്കുക. അവർ ജീവിച്ചിരുന്ന കാലവും പശ്ചാത്തലവും കണക്കിലെടുക്കുമ്പോൾ, പത്രൊസ് ഇവിടെ എഴുതിയത് എന്തുകൊണ്ട് ഇത്ര ആശ്ചര്യകരമാകുന്നു?**

പത്രൊസ് ജീവിച്ചിരുന്ന സംസ്കാരത്തിനും കാലത്തിനും വ്യത്യസ്തമായി വേറി ട്ടൊരു വെളിച്ചത്തിലാണ് ബൈബിൾ താഴ്മയെ കാണുന്നത്. പത്രൊസ് സെപ്റ്റുജ ന്റിൽ (യവനപഴയനിയമം)നിന്നും സദൃ.വാ. 3:34 ഉദ്ധരിക്കുന്നു. യാക്കോബ്4:6 ലും ഉദ്ധരിച്ചിരിക്കുന്ന വാക്യം; പഴയനിയമത്തിൽ, ഉന്നതരുടെയും ശക്തരുടെയും ഗർവ്വ ത്തെയും നിഗളത്തെയും ഇല്ലാതാക്കുകയാണ് ദൈവത്തിന്റെ വേലയുടെ ഒരു ഭാഗം (യെശയ്യാവ് 13:11; 23:9; ഇയ്യോബ് 40:11).

ദൈവത്തോടുള്ള ഒരുവന്റെ ശരിയായ മനോഭാവം താഴ്മയാണ്. "അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ"(1 പത്രൊസ് 5:6). "അഹംഭാവത്തിനു പകരം താഴ്മയാണ്, ക്രിസ്തീയ ബന്ധങ്ങളുടെ സ്വഭാവഗുണമാകേണ്ടത്; ദൈവത്തോടു മാത്രമല്ല മറ്റുള്ള വരോടും" (1 പത്രൊസ് 5:5).

ക്രിസ്ത്യാനികൾക്കും, ക്രിസ്തീയ നേതാക്കൾക്കും ബോധമുണ്ട്; അവർ ദൈവ കൃപയാൽ വീണ്ടെടുക്കപ്പെട്ട പാപികളാണെന്ന്. ഈ ഏറ്റവും പ്രധാന അർത്ഥത്തിൽ, അപ്പോൾ, നാമെല്ലാം തുല്യരാണ്. ക്രൂശിനുകീഴിൽ നാമെല്ലാം താഴ്മയുള്ളവരായിരി ക്കണം. കൂടാതെ, ഈ താഴ്മ മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധത്തിൽ വെളിവാകണം, പ്രത്യേകിച്ച് നമുക്ക് ചുമതലയുള്ളവരോട്. ഉറപ്പാണ്; ആർക്കും ദൈവത്തിന്റെ മമ്പിൽ താഴ്മയുണ്ടാകാം, ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും സ്രഷ്ടാവിന്റെ മുമ്പിൽ, മാത്രമല്ല, നമുക്കു മുകളിലുള്ളവരുടെ മുമ്പിൽ താഴ്മയുള്ളവരായിരിക്കുന്നതും താര തമ്യേന എളുപ്പമാണ്. നമുക്കു മുകളിൽ അധികാരമുള്ളവരോടും നമ്മെക്കാൾ അന്ത സിൽ "ഉയർന്നവർക്കും" ശരിയായ പരിശോധന വരുന്നത് നമ്മെക്കാൾ "താഴ്ന്ന" നിലയിലുള്ളവരോട് നാം താഴ്മ കാണിക്കുമ്പോഴാണ്; നമുക്കു മേൽ അധികാര മില്ലാ ത്തവരോട്. അപ്രകാരമുള്ള താഴ്മയെക്കുറിച്ചാണ് പത്രൊസ് ഇവിടെ സംസാ രിക്കുന്നത്.

**ക്രൂശും അത് പ്രതിനിധാനം ചെയ്യുന്നതുമായ എന്താണ് നമ്മെ എപ്പോഴും വിനയമുള്ളവരായിരിക്കാൻ സഹായിക്കുന്നത്?**

## ഒരു അലറുന്ന സിംഹം പോലെ

നാം നേരത്തെതന്നെ കണ്ടതുപോലെ, പീഡനത്തിന്റെ പശ്ചാത്തലത്തിലാണ് പത്രൊസ് എഴുതിയത്. വൻപോരാട്ടം എന്ന കേന്ദ്ര ആശയം അവന്റെ വായനക്കാർക്ക് തൊട്ടറിയുവാനാകാത്ത ദൈവശാസ്ത്രമായിരുന്നില്ല; നമ്മിൽ പലരും ഇപ്പോഴെങ്കിലും അനുഭവിച്ചിട്ടില്ലാത്തതുപോലെ അവർ അനുഭവിക്കുകയായിരുന്നു.

**1 പത്രൊസ് 5:8–10, വെളിപ്പാട് 12:7–9 വായിക്കുക. നമ്മുടെ ലോകത്തിൽ സാത്താന്റെ പ്രവർത്തനത്തെയും തിന്മയുടെ ഉത്ഭവത്തെയും കുറിച്ച് ഈ വാകൃങ്ങൾ നമ്മെ എന്തു പഠിപ്പിക്കുന്നു?**

ദുഷ്ടശക്തികളും നല്ല ശക്തികളും തമ്മിലുള്ള പ്രപഞ്ചയുദ്ധത്തിൽ ക്രിസ്ത്യാനികൾ ഒരു പങ്കുവഹിക്കുന്നുവെന്ന് വെളിപ്പാട് പുസ്തകം വെളിപ്പെടുത്തുന്നു. വെളിപ്പാടിൽ നന്മയുടെ ശക്തികൾ യേശുവിനാലാണ് നയിക്കപ്പെടുന്നത്. അവൻ ദൈവവചനവും, രാജാധിരാജാവും, കർത്താധി കർത്താവുമാണ് (വെളിപ്പാട് 19:13,16). തിന്മയുടെ ശക്തികളെ നയിക്കുന്നത് പിശാചും, സാത്താനെന്നും വിളിക്കപ്പെടുകയും ഒരു മഹാസർപ്പമായി ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു (വെളിപ്പാട് 12:7–9; 20:7,8). പ്രശസ്തമായ മാധ്യമങ്ങളും ചില ക്രിസ്ത്യാനികൾ പോലും സാത്താന്റെ യാഥാർത്ഥ്യത്തെ നിരാകരിക്കുന്നുവെങ്കിലും, നമുക്കായി ദുഷ്ടഉദ്ദേശ്യങ്ങൾ മാത്രമുള്ള ഒരു ശക്തമായ ജീവിയാണ് സാത്താൻ എന്നതാണ് വസ്തുത. എന്നിരുന്നാലും, സന്തോഷവാർത്തയെന്തെന്നാൽ ആത്യന്തികമായി സാത്താൻ അവസാനം നശിപ്പിക്കപ്പെടുമെന്നതാണ് (വെളിപ്പാട് 20:9,10).

പിശാച് പ്രതിനിധീകരിക്കുന്ന അപകടത്തെ പത്രൊസ് കുറച്ചു കാണുന്നില്ല. അവന് കഴിയാവുന്നവരെയെല്ലാം വിഴുങ്ങാൻ തക്കം പാർത്ത് നടക്കുന്ന ഒരു അലറുന്ന സിംഹം പോലെയാണ് സാത്താൻ (1 പത്രൊസ് 5:8). അവന്റെ വായനക്കാരുടെ ഇപ്പോഴുള്ള സ്വന്തം കഷ്ടപ്പാടിൽ തന്നെ പിശാചിന്റെ ശക്തി അവർക്ക് കാണാമെന്നും പത്രൊസ് ചൂണ്ടിക്കാണിക്കുന്നു. എന്നിട്ടുകൂടി, ഈ കഷ്ടപ്പാട് ഒടുവിൽ നിത്യമഹത്വത്തിൽ കലാശിക്കും (1 പത്രൊസ് 5:10).

**1 പത്രൊസ് 5:10 വീണ്ടും വായിക്കുക. നമ്മോട് പത്രൊസ് ഇവിടെ എന്താണ് പറയുന്നത്?**

നമുക്കവരുടെ പരിശോധനകളുടെ കൃത്യമായ രീതി അറിയില്ലെങ്കിലും, നമുക്ക് കാണാൻ കഴിയുന്നത് പത്രൊസ് പ്രകടിപ്പിക്കുന്ന പ്രത്യാശയാണ്. അതെ, സാത്താൻ യാഥാർത്ഥ്യമാണ്, ആ പോരാട്ടം യാഥാർത്ഥ്യമാണ്, നമ്മുടെ കഷ്ടപ്പാടും. എന്നാൽ "സകല കൃപയുടെയും ദൈവം"പിശാചിനെ തോല്പിച്ചിട്ടുണ്ട്. അതിനൽ നാം എന്തു തന്നെ കഷ്ടപ്പാട് സഹിച്ചാലും, നാം വിശ്വസ്തരായി തുടരുകയാണെങ്കിൽ മരണപര്യന്തം(എബ്രായർ 11:13–16 കാണുക). വിജയം സുനിശ്ചിതമാണ് യേശുവിന് നന്ദി.

**നമ്മുടെ മാർഗമദ്ധ്യേ എന്തുവന്നാലും, നമുക്കെങ്ങനെയാണ് അന്ത്യത്തോളം സഹിച്ചുനിന്ന് വിശ്വാസത്തിൽ മുറുകെ പിടിക്കാൻ, പഠിക്കാൻ കഴിയുക?**

**കൂടുതൽ ചിന്ത:** യേശുവിന്റെ ദാസനേതൃത്വത്തിന്റെ ഒരു വലിയ ഉദാഹരണം കാണപ്പെടുന്നത് അവസാന അത്താഴത്തിലെ അവന്റെ പെരുമാറ്റത്തിലാണ്. ആ സമയത്ത്, താനാരാണെന്നും (ദൈവപുത്രൻ), അവൻ തന്റെ പിതാവിന്റെ അടുക്കലേക്ക് മടങ്ങാറായെന്നും യേശു തികച്ചും ബോധവാനായിരുന്നു (യോഹന്നാൻ 13:1). അത്താഴശേഷം അവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകി. പിന്നീട് അവൻ പറഞ്ഞു: “കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽകഴുകിയെങ്കിൽ; നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു” (മത്തായി 13:14,15).

യേശുവിന്റെ അനുയായികൾ ഓരോസമയത്തും അന്യോന്യം കാൽ കഴുകുമ്പോൾ, അവർ ഈ രംഗം വീണ്ടും ചെയ്യുക മാത്രമല്ല, പിന്നെയോ യേശുവിന്റെ രാജ്യത്ത് ഒരു നേതാവാകണമെങ്കിൽ ഒരുവൻ ഒരു ദാസനെപോലെ ആകണം എന്നത് അന്യോന്യം ഓർപ്പിക്കുകകൂടി ചെയ്യുകയായിരുന്നു. അവരുടെ ശിഷ്ടമുള്ള ജീവിതങ്ങളിൽ, പ്രത്യേകിച്ച് യേശു ആരാണെന്ന് അവർ യഥാർത്ഥത്തിൽ തിരിച്ചറിഞ്ഞ ശേഷം, അവരുടെ ഗുരുവിന്റെ ഭാഗത്തു നിന്നുള്ള താഴ്മയുടെ ഈ പ്രവൃത്തി ശിഷ്യന്മാർ ഓർത്തു. അവൻ സഭാമൂപ്പന്മാരോട് മറ്റുള്ളവരുടെ മേൽ കർതൃത്വം നടത്തരുതെന്നും “താഴ്മ ധരിക്കണമെന്നും” പറഞ്ഞപ്പോൾ പത്രൊസിന്റെ മനസിൽ ഇതുണ്ടായിരുന്നു എന്നതിന് സംശയമൊന്നുമില്ല.

മനുഷ്യനാകാൻ സമ്മതിച്ചതിലൂടെ, സ്വർഗീയ ബുദ്ധിജീവികൾക്ക് അദ്ഭുതകരമായ ഒരു താഴ്മ ക്രിസ്തു വെളിവാക്കി. ക്രിസ്തുവിന്റെ ഉന്നതമായ മുൻകാല അവസ്ഥ ഇതായിരുന്നുവെങ്കിൽ മനുഷ്യനാകാൻ സമ്മതിച്ച പ്രവൃത്തി ഒരു തരം താഴ്ത്തലാകില്ലായിരുന്നു.

ക്രിസ്തു അവന്റെ രാജകീയ വസ്ത്രവും, അവന്റെ രാജകീയ കിരീടവും, അവന്റെ ഉന്നതമായ അധികാരവും, മാറ്റിവച്ച് ദൈവത്തിന്റെ പുത്രീപുത്രന്മാരാകാനുള്ള ധാർമ്മിക ശക്തി മനുഷ്യരാശിക്ക് നൽകുന്നതിനായി അവന്റെ ദിവ്യത്വത്തെ മാനവികത്വം കൊണ്ട് ധരിപ്പിച്ച് ക്രിസ്തു ഒരു ഭാഗത്തേക്ക് മാറ്റിവച്ചു എന്ന് തിരിച്ചറിയുന്നതിലേക്ക് നാം നമ്മുടെ ഗ്രഹണശക്തിയെ തുറക്കണം.

“അവൻ നടന്നതുപോലെ നടക്കുന്നവരുടെ സ്വഭാവത്തിലും ജീവിതത്തിലും അവന്റെ സ്വഭാവത്തിന്റെ മുഖമുദ്രയായ സൗമ്യതയും എളിമയും വെളിവായി വരും ‘‘EGW, Sons and daughters of God, p.81.

**ചർച്ചാചോദ്യങ്ങൾ:**

1. **യേശു അവന്റെ ശുശ്രൂഷ ആരംഭിച്ചത് പിശാചുമാ യി ഏറ്റുമുട്ടിക്കൊണ്ടാണ്. നാൽപ്പതു ദിവസത്തെ ഉപവാസത്താൽ ക്ഷീണിതനായി, തിരുവെഴുത്തുകൾ ഉദ്ധരിച്ചുകൊണ്ട് സാത്താന്റെ പരീക്ഷകളെ ചെറുത്തു നില്ക്കാൻ അവനു സാധിച്ചു. (മത്തായി 4:1–11; മർക്കൊസ് 1:12,13; ലൂക്കൊസ് 4:1–13).**

നമ്മുടെ സ്വന്തം ജീവിതങ്ങളിൽ നമുക്കും പിശാചിനെ ചെറുത്തുനിൽക്കാൻ കഴിയും എന്നതിനെക്കുറിച്ച് ഇത് നമ്മോട് എന്തു പറയുന്നു?

2. മറ്റുള്ളവരിൽ യഥാർത്ഥ താഴ്മയായി തോന്നിയ നിങ്ങൾ കണ്ട അനുഭവങ്ങൾ എന്തൊക്കെയാണ്? ആ മാതൃകകളിൽ നിന്ന് നിങ്ങൾക്ക് എന്ത് പഠിക്കാൻ കഴിയും?

3. ക്ലാസിൽ ഈ ചോദ്യത്തിന് ഉത്തരം നൽകൂ: ഈയാഴ്ചയിലെ വാക്യങ്ങളിൽ പത്രൊസ് പഠിപ്പിച്ചതു കൂടാതെ എന്തൊക്കെയാണ് ഒരു നല്ല ക്രിസ്തീയ നേതാവിന്റെ ഗുണഗണങ്ങൾ? മതേതര നേതാക്കളിൽ ആ ഗുണങ്ങൾ എങ്ങനെയാണ് നല്ല ഗുണങ്ങളെ മറികടക്കുക? അവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കും?

4. സത്താൻ യഥാർത്ഥമല്ല മനുഷ്യപ്രകൃതത്തിൽ കാണുന്ന തിന്മയുടെ ഒരു അടയാളം മാത്രമാണ് എന്ന അവകാശവാദത്തിന് നിങ്ങൾ എങ്ങനെ മറുപടി നൽകും?

✪ ✪ ✪ ✪